"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതശിശു വികസന വകുപ്പ്- സ്റ്റേറ്റ് നിർഭയ സെൽ- എസ്.ഒ.എസ്. മോഡൽ ഹോമുകളിൽ അധികമായി ഓരോ സെക്യൂരിറ്റി കം മൾട്ടി പർപ്പസ് ഹെൽപ്പറെ നിയമിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതശിശു വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.116/2024/WCDD തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:-

1. സ.ഉ.(സാധാ) നം.368/2018/സാനീവ തീയതി.22.06.2018.
2. സ.ഉ.(സാധാ) നം. 392/2020/സാനീവ തീയതി. 16.08.2020
3. സ.ഉ.(സാധാ) നം. 184/2021/സാനീവ തീയതി.22.02.2021.
4. സ.ഉ.(സാധാ) നം. 127/2022/വശിവിവ തീയതി.21.03.2022.
5. സ.ഉ.(സാധാ) നം. 177/2023/വശിവിവ തീയതി. 12.04.2023.
6. വനിതശിശു വികസന ഡയറക്ടറുടെ 23.01.2023-ലെ DWCD/2499/2022-NCPO1 നമ്പർ കത്ത്.

**ഉത്തരവ്**

വനിതശിശു വികസന വകുപ്പ് സ്റ്റേറ്റ് നിർഭയ സെല്ലിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ എസ്ഒഎസ് മോഡൽ ഹോം ആരംഭിക്കുന്നതിനും ഇതിലേയ്ക്കാവശ്യമായ 11,40,000/- രൂപ അനുവദിച്ചു കൊണ്ടും പരാമർശം (1) പ്രകാരവും തിരുവനന്തപുരം ജില്ലയിൽ ഒരു അധിക എസ്ഒഎസ് മോഡൽ ഹോം ആരംഭിക്കുന്നതിനും ആയതിലേയ്ക്ക് 12,83,840/-രൂപ അനുവദിച്ച് കൊണ്ടും പരാമർശം (2) പ്രകാരവും പാലക്കാട് ജില്ലയിൽ എസ്ഒഎസ് മോഡൽ ഹോം ആരംഭിക്കുന്നതിനും ആയതിലേയ്ക്ക് ആവശ്യമായ 10,63,840/-രൂപ വിനിയോഗിക്കുന്നതിനുള്ള അനുമതി നല്കിയും പരാമർശം (3) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. തിരുവനന്തപുരം ജില്ലയിലെ രണ്ട് എസ്.ഒ.എസ് ഹോമുകളിൽ ഒരെണ്ണം തിരുവനന്തപുരത്ത് തന്നെ നിലനിർത്തുന്നതിനും ഒരെണ്ണം തൃശ്ശൂരിലേയ്ക്ക് മാറ്റുന്നതിനും പരാമർശം (4) പ്രകാരവും തൃശ്ശൂർ ജില്ലയിലേയ്ക്ക് മാറ്റിയ എസ്ഒ എസ് ഹോമിന്റെ പ്രവർത്തനം എറണാകുളം ജില്ലയിലേയ്ക്ക്

മാറ്റുന്നതിന് പരാമർശം (5) പ്രകാരവും ഉത്തരവായിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം, എറണാകുളം, പാലക്കാട് എന്നീ ജില്ലകളിലായി മൂന്ന് എസ്.ഒ.എസ്. മോഡൽ ഹോമുകളാണ് നിലവിലുള്ളത്. ടി ജില്ലകളിലായി പ്രവർത്തിച്ചു വരുന്ന എസ് ഒ എസ് മോഡൽ ഹോമുകളിലേക്ക് അധികമായി ഓരോ ജീവനക്കാരെകൂടി (3 X 1)(സെക്യൂരിറ്റി കം മൾട്ടി പർപ്പസ് ഹെൽപ്പറെ) നിയമിക്കേണ്ടതുണ്ടെന്നും ആയതിലേക്ക് അധികമായി ആവശ്യമായ ആകെ തുകയായ 3,60,000/- രൂപ (1,20,000/- X 3) (മൂന്ന് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) ഹോം ജീവനക്കാരുടെ വേതനം അനുവദിച്ചു നൽകുന്ന 2235-02-103-68(പ്ലാൻ)(01) നിർഭയ പ്രോഗ്രാംസ് - 34 അദർ ചാർജസ് 3 അദർ ഐറ്റംസ് എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിലേക്കുള്ള അനുമതിയും നല്കണമെന്ന് വനിതശിശു വികസന ഡയറക്ടർ പരാമർശം (6) പ്രകാരം ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

(2)സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പോക്സോ അതിജീവിതരായ 12 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്കായി തിരുവനന്തപുരം, എറണാകുളം, പാലക്കാട് എന്നിവിടങ്ങളിൽ പ്രവർത്തിച്ചു വരുന്ന മൂന്ന് SOS ഹോമുകളിലേക്കായി ഓരോ സെക്യൂരിറ്റി കം മൾട്ടി പർപ്പസ് ഹെൽപ്പറെ കൂടി 10,000/-രൂപ പ്രതിമാസ വേതന നിരക്കിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനും ഇതിനാവശ്യമായ ആകെ തുകയായ 3,60,000/- രൂപ (1,20,000/- X 3) (മൂന്ന് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) ''2235-02-103-68(പ്ലാൻ)(01) നിർഭയ പ്രോഗ്രാംസ്-34 അദർ ചാർജസ് 3 അദർ ഐറ്റംസ്'' എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുമുള്ള അനുമതിയും നല്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, തിരുവനന്തപുരം.
സ്റ്റേറ്റ് കോർഡിനേറ്റർ, നിർഭയ സെൽ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 25-03-2024 17:26:01

സെക്ഷൻ ഓഫീസർ